# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 08 — 14.01.2021 ൽ മറുപടിയ്ക്ക്

### കാട്ടുപന്നികളുടെ ശല്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.കെ എം ഷാജി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) | |
| (എ) | കാട്ടുപന്നികളുടെ ശല്യത്തിൽ നിന്നും കർഷകരെ രക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത്തരത്തിൽ, ഉപദ്രവകാരികളായ കട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കാൻ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പ്രഖ്യാപിച്ച് 11.01.2021-ൽ സ.ഉ. (സാധാ) നം. 5/2021/വനം- ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) |

| | | | |
|---|---|---|---|
| [illegible] | [illegible] | [illegible] | കാട്ടുപന്നികളെ ശല്യ വന്യജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, കേന്ദ്ര സർക്കാരിന്റെ 12/2020-ലെ എഫ്.നം.8-31/20/WI നമ്പർ കത്തിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 11(1)(b) വകുപ്പ് പ്രകാരം, കാട്ടുപന്നികളെ നശിപ്പിക്കുന്നതിന് സംസ്ഥാനംതന്നെ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ മടക്കി നല്കുകയുണ്ടായി. എന്നാൽ ഇപ്രകാരം കാട്ടുപന്നികളെ നശിപ്പിക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ വിശദീകരിച്ചും മറ്റ് സംസ്ഥാനങ്ങളിൽ കാട്ടുപന്നികളുൾപ്പടെയുള്ള മൃഗങ്ങളെ ശല്യക്കാരായി പ്രഖ്യാപിച്ച ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടിയും, കേന്ദ്ര സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട്, 11.01.2021-ൽ വീണ്ടും കത്തയച്ചിട്ടുണ്ട്. |
| (സി) | ഇവയുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | 11.01.2021-ലെ ടി സർക്കാർ ഉത്തരവിൽ, ഉപദ്രവകാരികളായ കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക കർമ്മസേന രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കാൻ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**വനം വന്യജീവി (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.5/2021/വനം** തീയതി,തിരുവനന്തപുരം, 11/01/2021

പരാമർശം:- 1) സ.ഉ.(സാധാ) നം.265/2011/വനം. തീയതി, 17/06/2011.

2) സ.ഉ.(സാധാ) നം. 281/2011/വനം. തീയതി, 23/06/2011

3) സ.ഉ.(സാധാ) നം. 399/2012/വനം. തീയതി, 04/08/2012.

4) സ.ഉ.(കൈ) നം. 31/2013/വനം. തീയതി, 19/03/2013.

5) സ.ഉ.(കൈ) നം. 95/2014/വനം. തീയതി, 17/11/2014.

6) സ.ഉ.(കൈ) നം. 7/2019/വനം. തീയതി, 16/02/2019..

7) 21/12/2020-ൽ നടന്ന യോഗത്തിന്റെ മിനിട്ട്സ്.

8) സ.ഉ.(സാധാ) നം. 111/2020/വനം. തീയതി, 18/05/2020.

9) സ.ഉ.(സാധാ) നം.284/2020/വനം. തീയതി, 18/11/2020.

**ഉത്തരവ്**

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട്, പരാമർ ശം 8 പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പ്രസ്തുത ഉത്തരവിന്റെ കാലാവധി 17/05/2021 വരെ ദീർഘിപ്പിച്ചുകൊണ്ട്, പരാമർശം 9 പ്രകാരം, ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) ഇപ്രകാരം കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അപ്രായോഗികമാണെന്നും കാട്ടുപന്നികൾമൂലമുള്ള നാശനഷ്ടങ്ങളിൽ കാര്യമായ കുറവ് ഉണ്ടാകാത്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(b) വകുപ്പ് പ്രകാരം, ഇത്തരം കാട്ടുപന്നികളെ നശിപ്പിക്കുന്നതിന്, താഴെപ്പറയും പ്രകാരം, പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:-

(i) മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിയ്ക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 2(16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം, നശിപ്പിക്കാൻ കർഷകർക്കും

ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഇത്തരം കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ലാത്തതാണ്:-

എ) വിഷ പ്രയോഗം (By poisoning) ;

ബി) സ്ഫോടകവസ്തു പ്രയോഗം (By the use of explosives); &

സി) വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ (By electric shock)

(ii) കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യ ജീവനോ, സ്വത്തിനോ, കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്;

(iii) കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള, അനുബന്ധ പട്ടികയിലെ, പ്രദേശങ്ങളിൽ ഈ ഉത്തരവ് പ്രകാരം കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്;

(iv) ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ, റെയ്ഞ്ച് ഓഫീസർ / അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട്, സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്;

(v) ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം ടി വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചുകഴിഞ്ഞാലുടൻ 2 4 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയെ/ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്;

(vi) കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട്, പരാമർശം 8 പ്രകാരം, പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ (തോക്ക് ലൈസൻസുള്ള വ്യക്തികളെ എംപാനൽ ചെയ്യുക, പ്രതിഫലം നൽകുക എന്നിവ) തുടരുന്നതാണ്;

(vii) കാട്ടുപന്നിയെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മനുഷ്യജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും ബന്ധപ്പെട്ട വ്യക്തി / വ്യക്തികൾ ഉത്തരവാദി ആയിരിക്കുമെന്നുള്ള വ്യവസ്ഥ തുടരുന്നതാണ്;

(viii) ജഡം മറവുചെയ്യൽ, മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യൽ എന്നിവ സംബന്ധിച്ച്, പരാമർശം 8 പ്രകാരം, പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ തുടരുന്നതാണ്;

(ix) ടി കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതുമായി ബന്ധപ്പെട്ട്, വനംവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, അതതു ഡിവിഷനുകളിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4) പരാമർശം 8-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

5) ഈ ഉത്തരവിന്, പരാമർശം (9)-ലെ, സർക്കാർ ഉത്തരവിന്റെ കാലാവധിയായ 17/05/2021 വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ്ഫോഴ്സ്, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ , കേരള, തിരുവനന്തപുരം.

3. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം വഴുതക്കാട്, തിരുവനന്തപുരം.

4. എല്ലാ ജില്ലാ കളക്ടർമാർക്കും

5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ന്യൂ മീഡിയ)

7. കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature invalid
Digitally signed by ASHARAF A
Date: 2021.0 5:40:04 IST
Reason: Approved
സെക്ഷൻ ഓഫീസർ